(ബി) വിദേശ ടൂറിസ്റ്റുകളെ ചൂഷണം നടത്തുന്ന വ്യക്തികളെ കണ്ടെത്തുന്നതിനും ടൂറിസ്റ്റുകൾക്ക് അവരുമായി ബന്ധം ഉണ്ടാകാതിരിക്കുന്നതിനും വേണ്ടി, ടൂറിസ്റ്റുകളെ സഹായിക്കുന്നതിന് പ്രാപ്തരായവർക്ക് ലൈസൻസ് നല്കി, ഗൈഡുകളായി പ്രവർത്തിപ്പിക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. (സംസ്ഥാന പോലീസ് സേനയിൽ നിന്നും പ്രത്യേകം തെരഞ്ഞെടുക്കപ്പെടുന്നവരെയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഈ തസ്തികയിൽ നിയമിക്കുന്നത്.)

കൂടാതെ പ്രധാനപ്പെട്ട ബീച്ചുകളിൽ ലൈഫ് ഗാർഡുകളെയും നിയമിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടി

93 (4701) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസം വികസനത്തിന്റെ ഭാഗമായി വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇതിനകം ആവിഷ്കരിച്ചിട്ടുള്ളത് ?

ഉത്തരം

വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് സംസ്ഥാന ടൂറിസം വകുപ്പ് വിവിധ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വർഷംതോറും നടത്തുന്ന അന്താരാഷ്ട്ര ടൂറിസം മേളകളായ വേൾഡ് ട്രാവൽ മാർട്ട് (ലണ്ടൻ), ഐ.ടി.ബി. (ബെർലിൻ), പാറ്റ ട്രാവൽ മാർട്ട് (സിംഗപ്പൂർ), ടൂറിസം മാർട്ട് ആന്റ് എക്സിബിഷൻ (കൊളംബോ), സി.ഐ.ടി.എം. (ചൈന), അറേബ്യൻ ട്രാവൽ മാർട്ട് (ദുബായ്) തുടങ്ങിയവയിൽ പങ്കെടുത്തുവരുന്നു. കൂടാതെ ദുബായ്, മിലാൻ, മാഡ്റിഡ്, കൊളംബോ എന്നീ വിദേശസ്ഥലങ്ങളിൽ റോഡ് ഷോകളും സംഘടിപ്പിക്കുകയുണ്ടായി. ബ്രോഷറുകളും സീഡികളും മറ്റും ഗവൺമെന്റ് ഓഫ് ഇന്ത്യ ടൂറിസം ഓഫീസുകൾ വഴി വിതരണം ചെയ്തു വരുന്നു. ലോകപ്രശസ്ത ട്രാവൽ മാഗസിനുകളിലും മറ്റും പരസ്യങ്ങൾ നൽകിയും പ്രശസ്ത വിദേശ ടി.വി. ചാനലുകളായ ബി.ബി.സി. സി.എൻ.എൻ. തുടങ്ങിയ ചാനലുകളിൽ പരസ്യം നൽകിയും വിദേശ ടൂറിസം മേഖലയിലെ പ്രശസ്തരായ എഴുത്തുകാർക്കും ടി.വി. ടീമിനും ആതിഥ്യം നൽകിയും പ്രചരണം നൽകുന്നുണ്ട്. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി കേരള ടൂറിസം സംബന്ധിച്ച വിവരങ്ങൾ ലോകത്തിന് നൽകിയും വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

വഴിയോര വിശ്രമകേന്ദ്രങ്ങൾ

94 (4702) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പ് ഇതുവരെ സംസ്ഥാനത്ത് എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് ; എവിടെയെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly